## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4204 — 19.10.2011 ലെ മറുപടിക്ക്

### സഹകരണ സംഘങ്ങളിലെ ധനവിനിയോഗ നിരീക്ഷണ സംവിധാനം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി. ജോർജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

എ) സഹകരണ സംഘങ്ങളിലെ ധന വിനിയോഗം നിരീക്ഷിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

എ) സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി, സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. സംഘത്തിന്റെ പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമായതിനാൽ പൊതുയോഗം അംഗീകരിക്കുന്ന ബഡ്ജറ്റിന് അനുസരിച്ചാണ് സംഘം ധനവിനിയോഗം നിർവ്വഹിക്കുന്നത്. ആയത് ഉറപ്പ് വരുത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം സംഘം ഭരണസമിതിയ്ക്കാണ്. സംഘം ഭരണ സമിതിയുടെ നിയന്ത്രണത്തിലുള്ള വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ ധനവിനിയോഗം ഉറപ്പു വരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന, മിന്നൽ പരിശോധന, വിശദമായ പരിശോധന എന്നിവയിലൂടെ ധനവിനിയോഗം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ രജിസ്ട്രാർക്ക് സ്വമേധയാ ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിലോ, അംഗങ്ങളുടെയോ ഇടപാടുകാരുടെയോ പരാതിയുടെ അടിസ്ഥാനത്തിലോ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന നിയമാനുസൃത പരിശോധന, അന്വേഷണം എന്നിവയിലും ധനവിനിയോഗം പരിശോധിച്ചു വരുന്നു. ഇതിനെല്ലാം പുറമെ ഓരോ വർഷവും സഹകരണ ആഡിറ്റ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ആഡിറ്റർ, ആഡിറ്റിന്റെ ഭാഗമായി വിശദമായി ധനവിനിയോഗം ഉറപ്പു വരുത്തുകയും, വിവിധ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ സഹകരണ ബാങ്കുകളിൽ റിസർവ്വ് ബാങ്ക് നടത്തുന്നതും, ജില്ലാ സഹകരണ ബാങ്കുകളിലും, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവിടങ്ങളിൽ നബാർഡ് നടത്തുന്നതുമായ സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷനിലൂടെയും സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ ധന വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

| | | | |
|---|---|---|---|
| ബി) | സഹകരണ ബാങ്കുകൾ വഴി കൂടുതൽ കാർഷിക, വ്യാവസായിക വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | നടപടി സ്വീകരിച്ചു വരുന്നു. സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വിതരണം ചെയ്യാവുന്ന കാർഷിക വായ്പയുടെ പരിധി 10 ലക്ഷമായും കാർഷികേതര വായ്പകളുടെ പരിധി 15 ലക്ഷം രൂപയായും, ജില്ലാ സഹകരണ ബാങ്കുകൾ വ്യക്തികൾക്കു നൽകാവുന്ന വായ്പകളുടെ പരിധി നബാർഡ് നിബന്ധനകൾക്ക് വിധേയമായി 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നബാർഡിന്റെ CMA (Credit Monitoring Arrangement) യ്ക്ക് വിധേയമായി തുക നിശ്ചയിച്ചു നൽകാവുന്നതാണ്. അംഗങ്ങളുടെ/സഹകാരികളുടെ കാർഷികവും കാർഷികേതരവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് തനതായ പദ്ധതികൾ രജിസ്ട്രാറുടെ അംഗീകാരത്തോടെ നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**